## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 626** **28.09.2011-ൽ മറുപടിയ്ക്ക്**

**തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. എൻ. എ. ഖാദർ** | **ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി)** |
| (എ) ഒരു പ്രാഥമികാരോഗ്യകേന്ദ്രവുമില്ലാത്ത തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിൽ അത് സ്ഥാപിക്കുവാൻ സ്ഥലവും കെട്ടിടവും സൗജന്യമായി സർക്കാരിന് നൽകാൻ ഗ്രാമപഞ്ചായത്ത് തയ്യാറാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പുതുതായി ഒരു ആരോഗ്യകേന്ദ്രം അവിടെ അനുവദിക്കുവാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ്; സമയബന്ധിതമായി ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയതായി ഇവ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഒമ്പതാം ശമ്പളകമ്മീഷൻ ശുപാർശ പ്രകാരമുള്ള സാമ്പത്തിക ബാധ്യത സഹിതം പരിഷ്കരിച്ച നിർദ്ദേശം സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) ഒരു താലൂക്ക് ആശുപത്രിയുടെ അഭാവമുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുതുതായി ഒരു താലൂക്ക് ആശുപത്രി സ്ഥാപിക്കുവാൻ തയ്യാറാകുമോ? | (സി) വള്ളിക്കുന്ന് നിയോജകമണ്ഡലം തിരൂരങ്ങാടി താലൂക്കിലാണ് സ്ഥിതി ചെയ്യുന്നത്. ഈ താലൂക്കിൽ തിരൂരങ്ങാടി താലൂക്കാശുപത്രി പ്രവർത്തിച്ചു വരുന്നതിനാൽ പുതിയതായി താലൂക്ക് ആശുപത്രി തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ